**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1364 — 15.6.2012-ൽ മറുപടിയ്ക്ക്

**കൃഷി വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ**

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. പി.റ്റി.എ. റഹീം | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ; | (എ) 2012-13-ലെ കാർഷിക പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. നെൽകൃഷിവികസനം - 5000 ലക്ഷം രൂപ<br>2.നാളികേരവികസനം - 4500 ലക്ഷംരൂപ<br>3.കൃഷിഫാമുകളുടെ പ്രവർത്തനം- 700 ലക്ഷംരൂപ<br>4.ആധുനിക പരീക്ഷണശാലകളുടെ നവീകരണം-500 ലക്ഷംരൂപ<br>5.ജൈവകൃഷി-1000 ലക്ഷംരൂപ<br>6.സംയോജിത കീടരോഗ നിയന്ത്രണം-100 ലക്ഷംരൂപ<br>7.തെങ്ങിൻ തൈകളുടെ ഉൽപാദനം-120 ലക്ഷംരൂപ<br>8.സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം-1900 ലക്ഷംരൂപ<br>9.സി.ഡി.ബി.പദ്ധതി-500 ലക്ഷംരൂപ<br>10.കാർഷിക വിജ്ഞാനവ്യാപനവും വിനിമയവും-2075 ലക്ഷംരൂപ |

11..വിള ഇൻഷ്വറൻസ്-920 ലക്ഷംരൂപ

12.പയർ കിഴങ്ങുവർഗ വികസനം-150 ലക്ഷംരൂപ

13.കാർഷിക യന്ത്രവൽക്കരണം-20 ലക്ഷംരൂപ

14.കാർഷിക സേവന കേന്ദ്രങ്ങളും സേവനം എത്തിക്കലും-2000 ലക്ഷംരൂപ

15.ഹൈടെക് അഗ്രികൾച്ചർ-1200 ലക്ഷംരൂപ

16.പച്ചക്കറിവികസനം-4250 ലക്ഷംരൂപ

17.നെല്ലുകൃഷി-കേന്ദ്രസഹായ പദ്ധതി-700 ലക്ഷംരൂപ

18.യന്ത്രവൽക്കരണം-200 ലക്ഷംരൂപ

19.ആർ.കെ.വി.വൈ -25875 ലക്ഷംരൂപ

20.സൂക്ഷ്മതല ജലസേചനം-കേന്ദ്രപദ്ധതി -110 ലക്ഷംരൂപ

21.വയനാട് പാക്കേജ്-2500 ലക്ഷംരൂപ

22.ഇൻകം സപ്പോർട്ട് സ്കീം-400 ലക്ഷംരൂപ

23.മറ്റു പദ്ധതികൾ (ആർ.ഐ.ഡി.എഫ്., കെ.എ.യു.,വെയർഹൗസിംഗ്,ബയോഗ്യാസ് സംസ്കരണം, വിപണി ശക്തിപ്പെടുത്തൽ, വി.എഫ്.പി.സി.കെ.,എസ്.എച്ച്.എം.,പ്രകൃഷിക്ഷേമം, എൻ.ഡബ്യ്യൂ.ഡി.പി.ആർ.എ, മണ്ണുപരിശോധന മാനവശേഷി വികസനം)-15969 ലക്ഷംരൂപ

| | | | |
|---|---|---|---|
| (ബി) | പദ്ധതികളുടെ നടത്തിപ്പിനായി കഴിഞ്ഞ സാമ്പത്തിക വർഷം നീക്കിവെച്ചിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചുവോ ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | 2011-12-ൽ 52090.64 ലക്ഷംരൂപ നീക്കിവച്ചതിൽ 46915.78 ലക്ഷംരൂപ ചെലവഴിച്ചു(90.07%) |
| (സി) | കർഷക ആത്മഹത്യകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഈ പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (സി) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷിമന്ത്രിയുടെ തലത്തിലും കാർഷികോൽപ്പാദന കമ്മീഷണർ, കൃഷി വകുപ്പ് സെക്രട്ടറി എന്നിവരുടെ തലത്തിലും കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്. ഇതിനുപുറമെ, കൃഷിഡയറക്ടർ മിക്കവാറും മാസമാസങ്ങളിൽ ജില്ലാതല ഉദ്യോഗസ്ഥരുമായി പുരോഗതി വിലയിരുത്താറുണ്ട്. ജില്ലാതല ഉദ്യോഗസ്ഥർ ജില്ലയിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കർഷക ആത്മഹത്യ തടയുന്നതിന് ഈ പദ്ധതികളുടെ നടത്തിപ്പുകൊണ്ടു മാത്രം സാധിക്കുമോ;? | (ഡി) | ഈ പദ്ധതികളുടെ നടത്തിപ്പുകൊണ്ടുമാത്രം പൂർണമായി കർഷക ആത്മഹത്യ തടയുന്നതിന് സാധിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ ഈ പദ്ധതികളിലൂടെ ലഭ്യമാക്കുന്ന സഹായങ്ങൾ കർഷകർക്ക് വളരെയധികം ആശ്വാസം നൽകുന്നതാണ്. |
| (ഇ) | എങ്കിൽ കർഷക ആത്മഹത്യ തടയുന്നതിന് പ്രത്യേക പാക്കേജ് കേന്ദ്രസഹായത്തോടെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഇ) | നിലവിൽ ഇത്തരത്തിലുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലില്ല. എന്നാൽ കർഷക ആത്മഹത്യ കൂടുതലായി കാണപ്പെട്ട വയനാടുജില്ലയിൽ 25.00 കോടി രൂപയുടെ ഒരു പദ്ധതി (വയനാടുപാക്കേജ്) സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ